**യത: പാപീയസി കീരത്തിരധർമ്മശ്ച മഹാൻ നൃണാം**
**യതോ വിരോധ: സർവ്വേഷാം യത ആധിരനന്തക: (4-13-44)**
**കസ് തം പ്രജാപദേശം വൈ മോഹബന്ധനാത്മന:**
**പണ്ഡിതോ ബഹുമന്യേത യദർത്ഥാ: ക്ലേശാദാ ഗൃഹാ: (4-13-45)**

മൈത്രേയൻ തുടർന്നു:
ധ്രുവൻെറ പുത്രൻ ഉത്കലൻ ജന്മനാതന്നെ വിവേകശാലിയും ലൗകീകകാര്യങ്ങളിൽ താൽപര്യമില്ലാത്തവനുമായിരുന്നു. അദ്ദേഹം ആത്മസാക്ഷാത്ക്കാരം നേടിയിരുന്നു. അസാധാരണമായ പെരുമാറ്റത്തിലൂടെ മറ്റുള്ളവർക്ക് അദ്ദേഹം വിഡ്ഢിയും കുരുടനുമായി കാണപ്പെട്ടു. ചിലപ്പോൾ ഭ്രാന്തനാണോ എന്നും ജനങ്ങൾ അദ്ദേഹത്തെ സംശയിച്ചു. അതുകൊണ്ട് രാജ്യസഭയിലെ കാരണവന്മാർ ഉത്കലൻെറ അനുജൻ വത്സരനെ രാജാവായി വാഴിച്ചു.

വത്സരൻ (വർഷം) സ്വരവീഥിയെ (ശ്വേതപഥം) പരിണയിച്ചു. അവർക്ക് ആറുപുത്രന്മാർ. പുഷ്പർണ്ണൻ, തിഗ്മകേതു, ഈശൻ, ഊർജൻ, വസു, ജയ എന്നിവർ. പുഷ്പർണ്ണൻ പ്രഭയേയും ദോഷത്തേയും (പകലും രാത്രിയും) വിവാഹം ചെയ്തു. പ്രഭയിൽ പ്രാത:യും, മദ്ധ്യന്തിനവും, സായവും (പ്രഭാതം, മദ്ധ്യാഹ്നം, സായം കാലം) ഉണ്ടായി. ദോഷയിൽ പ്രദോഷവും, നിശീഥവും, വ്യുഷ്ടവും (സന്ധ്യ, രാത്രി, ഉദയം) ഉണ്ടായി. ഈ പരമ്പരയിലാണ് അംഗരാജാവ് ജനിച്ചത്. അംഗരാജാവ് നീതിമാനും ധർമ്മിഷ്ടനും ആയിരുന്നു. ഒരിക്കൽ അദ്ദേഹം രാജകീയ പ്രൗഢിയോടെ അശ്വമേധയാഗം നടത്തി. യാഗത്തിൻെറ എല്ലാചിട്ടവട്ടങ്ങളും ഭംഗിയായി ചെയ്തിട്ടും യാഗാന്ത്യത്തിൽ അർഘ്യം സ്വീകരിക്കാൻ ദേവതകൾ എത്തിയില്ല. യാഗമുഖ്യന്മാരായ ഋഷികൾ അതിനു കാരണം കണ്ടെത്തി. കഴിഞ്ഞജന്മത്തിൽ ചെയ്ത ഏതോ പാപത്തിൻെറ ഫലമായി ഈ ജന്മത്തിൽ അംഗരാജന് പുത്രന്മാരുണ്ടായിരുന്നില്ല. അതുകൊണ്ട് മറ്റൊരുചിതമായ യാഗം നടത്തി ദേവതകളെ പ്രീതിപ്പെടുത്തി പുത്രഭാഗ്യം നേടാൻ അവർ അംഗരാജനെ ഉപദേശിച്ചു.

യാഗഫലമായി ജനിച്ച പുത്രൻ വേനൻ അനുഗ്രഹത്തിനുപകരം വലിയൊരു ശാപമായി മാറി. മൃത്യുവിനെ ഉപാസിക്കുന്ന അവൻ അധർമ്മിയും ദുർബുദ്ധിയും അക്രമിയും ആയിരുന്നു. ജനങ്ങൾ അവനെ ഭയന്നു. അടുത്തുവന്ന മൃഗങ്ങളെയും കുഞ്ഞുങ്ങളെപ്പോലും വേനൻ ആക്രമിച്ചു. അവനെ ധർമ്മപാതയിലേക്ക് നയിക്കാൻ അംഗരാജാവ് നടത്തിയ ശ്രമം വ്യഥാവിലായി. അവസാനം, അംഗരാജൻ ആശയറ്റ് പുത്രലാഭത്തിനുവേണ്ടി പ്രാർത്ഥിച്ചല്ലോ എന്നു പരിതപിച്ചു. "പുത്രരില്ലാത്തവർ ഭാഗ്യവാന്മാരത്രേ, കാരണം ദുഷ്പുത്രൻെറ ചെയ്തികൾ കൊണ്ടുള്ള വേദന അവർക്കനുഭവിക്കേണ്ടിവരുന്നില്ലല്ലൊ." വീണ്ടും ആലോചിച്ച് അദ്ദേഹം പറഞ്ഞു: "ഒരുപക്ഷെ ദുഷ്പുത്രനാണ് സൽപ്പുത്രനേക്കാൾ നല്ലത്. സൽപ്പുത്രൻ, ഇഹലോകത്തിൽ അവനോട് ചേർന്നിരുന്നു കഴിയാനുള്ള ആഗ്രഹമുണ്ടാക്കുന്നു. എന്നാൽ ദുഷ്പുത്രൻമൂലം ഒരുവന് ഇഹലോകവാസത്തിനുള്ള ആഗ്രഹംതന്നെ ഇല്ലാതാവുന്നു. ജ്ഞാനിയായ ഒരുവൻ അക്രമിയും അധർമ്മിയും ആയ പുത്രൻെറ ബന്ധത്തെ വിലമതിക്കയില്ലതന്നെ. അവൻ മാതാപിതാക്കൾക്ക് പാപവും വെറുപ്പും അവമതിപ്പുമാണല്ലോ നൽകുന്നത്." താമസിയാതെ ആരോടും പറയാതെ അദ്ദേഹം അജ്ഞാതമായ ഒരിടത്തേക്ക് യാത്രയായി. ജനങ്ങളും അധികാരികളും രാജാവ് അപ്രത്യക്ഷനായതറിഞ്ഞ് വ്യാകുലരായി. എല്ലായിടത്തും തിരഞ്ഞിട്ടും അവർക്ക് രാജാവിനെ കണ്ടെത്തുവാനായില്ല. അവർ രാജസഭയിലെ മുതിർന്നവരെ ഈ വിവരം ധരിപ്പിക്കുകയും ചെയ്തു.